**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6687** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾക്ക് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സാഹചര്യത്തിൽ സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആറ് മാസത്തെ വാടക ഒഴിവാക്കി തീരുമാനമെടുത്തപോലെ കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സിയും കെ.റ്റി.ഡി.എഫ്.സിയും സംയുക്തമായി ബി.ഒ.റ്റി വ്യവസ്ഥയിൽ നിർമ്മിച്ച അങ്കമാലി, തിരുവല്ല, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകക്കാർക്ക് കോവിഡിന്റെ ഒന്നാം തരംഗത്തെ തുടർന്ന് ഏപ്രിൽ 2020 മുതൽ സെപ്റ്റംബർ 2020 വരെ വാടക പൂർണ്ണമായും ഒക്ടോബർ 2020 മുതൽ മാർച്ച് 2021 വരെ 50% മായും കുറവ് ചെയ്തിരുന്നു. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് സമ്പൂർണ്ണ ലോക്ക് ഡൗൺ ഏർപ്പെടുത്തിയിരുന്ന 08/05/2021 മുതൽ 16/06/2021 വരെ വാടക പൂർണ്ണമായും, 17/06/2021 മുതൽ 16/12/2021 വരെ 6 മാസകാലയളവി ലേക്ക് വാടകയിൽ 75% ഉം ഇളവ് നൽകുവാനും അനുവദിച്ചിട്ടുണ്ട്. |
| (ബി) | വാടകകുടിശ്ശിക ഒറ്റത്തവണയായി തന്നെ തീർപ്പാക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ; തവണകളായി അടയ്ക്കാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ